പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1995 26.03.2013-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബിയുടെ കമ്പനിവൽക്കരണം.

ചോദ്യം

ശ്രീ. എ. എ. അസീസ് :

കെ. എസ്. ഇ. ബിയെ കമ്പനിയാക്കുന്നതു കൊണ്ടുള്ള ഗുണദോഷങ്ങൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

2003-ലെ വൈദ്യുതി നിയമത്തിലെ 131 മുതൽ 134 വരെയുള്ള വകുപ്പുകളിൽ വൈദ്യുതി ബോർഡുകളുടെ പുനഃസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡുകളുടെ ആസ്തി-ബാദ്ധ്യതകൾ അതതു സംസ്ഥാന സർക്കാരുകളിലേയ്ക്ക് ഒരു ട്രാൻസ്ഫർ സ്കീമിലൂടെ നിക്ഷിപ്തമാക്കേണ്ടതും ആയവ, ഒരു ഗവൺമെൻറ് കമ്പനിയിലേയ്ക്കോ അല്ലെങ്കിൽ കമ്പനികളിലേയ്ക്കോ പുനർ നിക്ഷിപ്തമാക്കേണ്ടതുമാണ്. വൈദ്യുതി മേഖലയിൽ നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായം പൂർണ്ണമായും കേരളത്തിലെ ജനങ്ങളിലുമെത്തിക്കാൻ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായത്തിലൂടെ വൈദ്യുതി മേഖലയുടെ വികസനത്തിനും അതുവഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനമെത്തിക്കുവാനും സാധിക്കും.

സെക്ഷൻ ഓഫീസർ.